LIBRARY ARCHIVES Kerala Legislative Assembly

ഡാമും കവിഞ്ഞൊഴുകുകയാണ്. 136 അടിയായിത്തന്നെ ക്രമീകരിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം. ഡാമിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനും നടപടി ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ വളരെയധികം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ പ്രാവശ്യം ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചപോലെ ഉടുമ്പൻചോല മണ്ഡലത്തിലും ദേവികുളം താലൂക്കിലും നഷ്ടം വ്യാപകമാണ്. ഗവൺമെൻറിന് ചെയ്യാൻ സാധിക്കുന്ന വിധത്തിലുള്ള എല്ലാ സഹായങ്ങളും ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഇവിടെനിന്ന് മൂന്നാറിലേക്ക് അയച്ച പട്ടാള വിഭാഗം ഇപ്പോഴും സംഭവസ്ഥലത്ത് ക്യാമ്പ് ചെയ്യുകയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിലൊക്കെ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെ സഹായിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് ഗവൺമെൻറിൻെറ ഇപ്പോഴത്തെ നോംസ് അനുസരിച്ചുള്ള നഷ്ടപരിഹാരം കൊടുക്കാനുള്ള നിർദ്ദേശം ഇതിനകംതന്നെ കൊടുത്തുകഴിഞ്ഞു. ആവശ്യമായ ഫണ്ടും അനുവദിക്കുന്നതാണ്. ഇത് അപര്യാപ്തമാണെന്ന് പറയുന്നതിനോട് യോജിക്കുന്നു. പക്ഷേ നിബന്ധനയ്ക്കുള്ളിൽ നിന്നേ ചെയ്യാൻ സാധിക്കുകയുള്ളൂ. അതേസമയം വീടുകളുടെ നാശനഷ്ടത്തിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി കൊടുക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിധത്തിലുള്ള സഹായവും ചെയ്യുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ആദിവാസികളുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഏതൊക്കെ കുടികളാണെന്ന് എഴുതിത്തന്നാൽ കളക്ടറുമായി ബന്ധപ്പെട്ട് അതിനാവശ്യമായ നടപടി സ്വീകരിക്കാം.

(3) നിക്ഷേപകരെ കബളിപ്പിച്ച ഇൻറഗ്രേറ്റഡ് ഫൈനാൻസ് കമ്പനിക്കെതിരെ നടപടി

ശ്രീ. രാജു എബ്രഹാം: സർ, ഇൻറഗ്രേറ്റഡ് ഫിനാൻസ് കമ്പനി ആയിരം കോടിയിലധികം രൂപയുടെ വെട്ടിപ്പ് നടത്തിയിരിക്കുകയാണ്. കേരളം കണ്ട ഏറ്റവും വലിയ സാമ്പത്തിക വെട്ടിപ്പിൽ ഒന്നായി ഈ തട്ടിപ്പ് മാറുന്നു. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ മാത്രം 50 കോടിയിലധികം രൂപയാണ് തട്ടിയെടുത്തിരിക്കുന്നത്. അവിടെ നിക്ഷേപകർ വമ്പിച്ച പ്രക്ഷോഭവും ഉപരോധവും നടത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പോലീസിനും പരാതി നൽകിയിട്ടും യഥാർത്ഥ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇതിൻെറ രഹസ്യം എന്താണെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഇക്കാര്യത്തിൽ ഗവൺമെൻറ് ഇടപെടണം. അവിടെ ബോണ്ടും ഡിബഞ്ചറും ഒന്നും നിക്ഷേപകർക്ക് വേണ്ട. അവർക്ക് mature ആയ പണം മടക്കിക്കൊടുക്കാനുള്ള അടിയന്തിര നടപടി ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ചെന്നൈ കേന്ദ്ര ഓഫീസായി പ്രവർത്തിക്കുന്ന ഇൻറഗ്രേറ്റഡ് ഫൈനാൻസ് കമ്പനിക്ക് കേരളത്തിലെ പല ജില്ലകളിലും ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ പണം നിക്ഷേപിച്ചിട്ടുള്ളവർ നിക്ഷേപം തിരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും സമരങ്ങളുമൊക്കെ നടത്തുന്നത് പത്രങ്ങളിൽ വ്യാപകമായി വന്നിട്ടുണ്ട്. നിക്ഷേപകർക്ക് കേസ് കൊടുക്കുന്നതിനോ നിയമപരമായ നടപടികളിലേക്ക് നീങ്ങുന്നതിനോ വലിയ താൽപ്പര്യമില്ല. അവർ പണം കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പോലീസിൽ പരാതി കിട്ടിയാൽ നിയമപരമായി നടപടിയെട

ക്കാവുന്ന വിധത്തിലുള്ള പരാതി കിട്ടിയാൽ അതിന്റെ പേരിൽ കർശന നടപടി സ്വീകരിക്കും. പക്ഷേ വന്നിരിക്കുന്നത് നിക്ഷേപം തിരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് അവർ നടത്തുന്നത്. ഒരു നിയമപ്രശ്നമാക്കി മാറ്റുന്നതിനോ കേസ്സാക്കി മാറ്റുന്നതിനോ പൊതുവെ താൽപ്പര്യം ഇതുവരെ കാണിച്ചിട്ടില്ല. ഇങ്ങനെയുള്ളവർ പരാതി തന്നാൽ ആ പരാതിയുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(4) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ശങ്കരൻ എന്ന ആളിന്റെ ദുരൂഹ മരണം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കല്ലടിക്കോട് ചൂരക്കാട് ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 57 വയസ്സുള്ള ശങ്കരനെ 23-5-2005-ന് രാവിലെ 9 മണിക്ക് സത്രംകാവ് പുഴയുടെ തീരത്ത് മരിച്ചുകിടക്കുന്ന നിലയിൽ കാണപ്പെട്ടത് സംബന്ധിച്ച ദുരൂഹത നീക്കി മരണ കാരണം പുറത്തുവരണം എന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റിൽ മരണ കാരണം കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ടിനു ശേഷം എന്നാണ് കാണുന്നത്. ശവശരീരം പൂർണ്ണ നഗ്നമായിട്ടാണ് കാണപ്പെട്ടത്. പല സ്ഥലത്തും മുറിവുകളുണ്ടായിരുന്നു. കവിളും മൂക്കും പാടെ തകർന്ന നിലയിലുള്ള ജഡം ഭീതിയുളവാക്കുന്ന അവസ്ഥയിലായിരുന്നു. ഒറ്റ നോട്ടത്തിൽ തന്നെ മരണം സ്വാഭാവികമല്ല എന്ന് ആർക്കും മനസ്സിലാകുന്ന രൂപത്തിലായിരുന്നു. ഭീകരമായ കാഴ്ചയായിരുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സ്വാഭാവികമല്ലാത്ത മരണം എന്ന് പറഞ്ഞിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് ഇതേവരെ ഒരു അന്വേഷണവും ഉണ്ടായിട്ടില്ല. സംഭവസ്ഥലത്ത് ഒരു അനധികൃത കള്ളുഷാപ്പ് പ്രവർത്തിക്കുന്നുണ്ട്. സംഭവത്തിന്റെ തലേ ദിവസം ഇയാളെ ഷാപ്പിൽ കണ്ടതാണ്. മരണം ഒരു കൊലപാതകമാണെന്ന് സംശയിക്കുന്നതായി മകൻ ഉണ്ണികൃഷ്ണൻ പോലീസിന് പരാതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിക്കും അവർ പരാതി നൽകിയിട്ടുണ്ട്. ശങ്കരന്റെ മരണ കാരണം പുറത്തുകൊണ്ടുവരുന്നതിന് ഊർജ്ജിത അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ശങ്കരൻ ചൂരക്കാട് സത്രംപുഴയുടെ തീരത്തുള്ള പുരയിടത്തിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ഈ സംബന്ധിച്ച് ശങ്കരന്റെ ഭാര്യാസഹോദരന്റെ പരാതി പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് എടുത്ത് അന്വേഷണം നടത്തിവരുന്നു. നിരവധി പേരെ ചോദ്യം ചെയ്തതിൽ നിന്ന് വ്യക്തമായ സൂചനകളൊന്നും പോലീസിന് ലഭിച്ചിട്ടില്ല. രാസപരിശോധനാഫലം ലഭിച്ചെങ്കിൽ മാത്രമേ മരണകാരണം വ്യക്തമാകു എന്നാണ് പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ ഡോക്ടർ പറഞ്ഞിരിക്കുന്നത്. അവിടെ മണ്ണാർക്കാട് പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. രാസപരിശോധനാ ഫലം കൂടി കിട്ടിയശേഷം ഇതുസംബന്ധിച്ചുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(5) വർക്കല നിയോജകമണ്ഡലത്തിലെ ഗോമതി എന്ന വൃദ്ധ പീഡനംമൂലം മരിക്കാനിടയായ സംഭവം

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒറ്റൂർ ഞായലിൽ ഒറ്റയ്ക്ക് താമസിക്കുന്ന 74 വയസ്സുള്ള അമ്മയെ മാരകമായി

LIBRARY ARCHIVES Kerala Legislative Assembly